**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 901** **10-08-2023 - ൽ മറുപടിയ്ക്ക്**

**എസ്.സി. പ്രമോട്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.റ്റി. പ്രമോട്ടർമാരുടെ നിയമനത്തിന് പരീക്ഷ ഒഴിവാക്കി അഭിമുഖം മാത്രം നടത്തിയാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള പട്ടികവർഗ്ഗ/ ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പട്ടികവർഗ്ഗ/ ഹെൽത്ത് പ്രൊമോട്ടർമാരെ അഭിമുഖം മുഖേന തെരഞ്ഞെടുപ്പ് നടത്തി നിയമിക്കുന്നതിന് 16/05/2023 ലെ സ.ഉ(കൈ)നം.11/2023/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിനെതിരെ ആദിവാസി മഹാസഭ കോടതിയെ സമീപിച്ചതിനെ തുടർന്ന് പരീക്ഷ ഒഴിവാക്കിയ സാഹചര്യം പരിശോധിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ; വിശദമാക്കാമോ; | (ബി) | ആദിവാസി മഹാസഭ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 19953/2023 ന്റെ വിധിന്യായപ്രകാരം ഈ കേസിലെ ഒന്നും, രണ്ടും എതിർകക്ഷികൾ ഹർജിക്കാരായ ആദിവാസി മഹാസഭയെ ആവശ്യമെങ്കിൽ നേരിൽ കേൾക്കുവാനും, അതേപോലെ തന്നെ ഭരണഘടനാ സ്ഥാപനമായ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിദഗ്ധാഭിപ്രായം ആദിവാസികളെ പ്രൊമോട്ടർ തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്ന നടപടി ക്രമങ്ങളിൽ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. കൂടാതെ വിധിയുടെ പകർപ്പ് സഹിതം അഡീഷണൽ റെപ്രെസെന്റേഷൻ ഫയൽ ചെയ്യുന്നതിന് ഹർജിക്കാരന് രണ്ടാഴ്ചത്തെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. അപ്രകാരം ലഭിക്കുന്ന അഡീഷണൽ റെപ്രെസെന്റേഷൻസിൽ ഒന്നും, രണ്ടും എതിർ കക്ഷികൾ 8 ആഴ്ചയ്ക്കുള്ളിൽ തീരുമാനം എടുക്കുവാനും ബഹു.കോടതി ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നത് വരെ ഹർജിക്കാരായ ആദിവാസി മഹാസഭ തർക്കം ഉന്നയിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ നടപ്പാക്കരുതെന്ന് ബഹു.കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഏതു സാഹചര്യത്തിലാണ് പരീക്ഷ ഒഴിവാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത് എന്ന് വിശദമാക്കുമോ; | (സി) | പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി നിയമിതരായ എസ്.ടി |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാർ എന്നിവരുടെ സേവന കാലാവധി 2023 മെയ് മാസത്തിൽ അവസാനിക്കുന്നതിനാലും പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യം സംജാതമായാൽ വകുപ്പിന്റെ ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ കണക്കിലെടുത്തും കാലതാമസം കൂടാതെ പുതിയ പ്രൊമോട്ടർമാരെ നിയമിക്കണമെന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ സേവനത്തിലുള്ള പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരെ അഭിമുഖം മുഖേന തെരഞ്ഞെടുത്ത് നിയമിക്കുന്നതിന് തീരുമാനിച്ചത്.<br><br>പട്ടികവർഗ്ഗ പ്രൊമോട്ടർ/ ഹെൽത്ത് പ്രൊമോട്ടർമാരുടെ നിയമനത്തിനായി അഭിമുഖം സാധുവായ നിയമന രീതിയാണോ എന്നതിൽ ഉപദേശം ലഭ്യമാക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | പരീക്ഷ ഒഴിവാക്കി അഭിമുഖം മാത്രം നടത്തിയാൽ അർഹരായവർക്ക് അവസരം നഷ്ടപ്പെടും എന്ന് കരുതുന്നുണ്ടോ; എങ്കിൽ പരീക്ഷ ഒഴിവാക്കിയ തീരുമാനം പുനഃ പരിശോധിക്കുന്നതിന് തയ്യാറാകുമോ? | (ഡി) | പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി നിയമിതരായ എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാർ എന്നിവരുടെ സേവന കാലാവധി 2023 മെയ് മാസത്തിൽ അവസാനിക്കുന്നതിനാലും പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യം സംജാതമായാൽ വകുപ്പിന്റെ ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ കണക്കിലെടുത്തും കാലതാമസം കൂടാതെ പുതിയ പ്രൊമോട്ടർമാരെ നിയമിക്കണമെന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ സേവനത്തിലുള്ള പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരെ അഭിമുഖം മുഖേന തെരഞ്ഞെടുത്ത് നിയമിക്കുന്നതിന് തീരുമാനിച്ചത്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ പ്രൊമോട്ടർ/ ഹെൽത്ത് പ്രൊമോട്ടർമാരുടെ നിയമനത്തിനായി അഭിമുഖം സാധുവായ നിയമന രീതിയാണോ എന്നതിൽ ഉപദേശം ലഭ്യമാക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ